# കേരള സർവകലാശാല

നം. പി.ആർ.044/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ടെക് ടൈംടേബിൾ

കേരള സർവകലാശാല ഒന്നാം സെമസ്റ്റർ എം.ടെക് (ഫുൾടൈം & പാർട്ട് ടൈം - സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം - റഗുലർ & സപ്ലിമെന്ററി) (2013 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ബി.എ ഫലം

കേരള സർവകലാശാല നവംബറിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് അഞ്ചാം സെമസ്റ്റർ ബി.ബി.എ (റഗുലർ 2013 സ്കീം, 2010 & 2011 സ്കീം - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 19 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

### എം.എസ്സി കമ്പ്യൂട്ടർ സയൻസ് വൈവ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഏപ്രിൽ നാലിന് തുടങ്ങുന്ന നാലാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ ഹാൾടിക്കറ്റുകൾ പാളയം എസ്.ഡി.ഇ, കൊല്ലം എഫ്.എം.എൻ കോളേജ്, ആലപ്പുഴ യു.ഐ.ടി, കോഴിക്കോട് കെൽട്രോൺ ഐ.ടി സെന്റർ എന്നിവിടങ്ങളിൽ നിന്നും വാങ്ങി അവിടെത്തന്നെ വൈവയ്ക്ക് ഹാജരാകണം.

### ബി.ബി.എ പരീക്ഷ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം മേയ് 24-ന് തുടങ്ങുന്ന മൂന്നാം സെമസ്റ്റർ ബി.ബി.എ പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് ഏഴ് (50 രൂപ പിഴയോടെ മേയ് 10, 250 രൂപ പിഴയോടെ മേയ് 12) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ സി.വി ക്യാമ്പ് ഫീസായി 200 രൂപ അടയ്ക്കണം.

### ബി.എഡ് പരീക്ഷ

കേരള സർവകലാശാല മേയിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ ബി.എഡ് (2013 സ്കീം & 2004 സകീം - സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 13 (50 രൂപ പിഴയോടെ ഏപ്രിൽ 16, 250 രൂപ പിഴയോടെ ഏപ്രിൽ 20) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ സി.വി ക്യാമ്പ് ഫീസായി 200 രൂപ അടയ്ക്കണം.

മേയ് 20-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ ബി.എഡ് (ദ്വിവത്സര കോഴ്സ് - റഗുലർ - 2015 അഡ്മിഷൻ) പരീക്ഷയ്ക്ക് ഏപ്രിൽ നാല് മുതൽ ഓൺലൈൻ (www.exams.keralauniversity.ac.in) വഴി രജിസ്റ്റർ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 13 (50 രൂപ പിഴയോടെ ഏപ്രിൽ 18, 250 രൂപ പിഴയോടെ ഏപ്രിൽ 20) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസായി 530 രൂപ അടയ്ക്കണം.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ/മേയിൽ നടത്തുന്ന നാലാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് - 2013 സ്കീം - 2014 അഡ്മിഷൻ) പരീക്ഷയ്ക്ക് ഓൺലൈൻ (www.exams.keralauniversity.ac.in) വഴി രജിസ്റ്റർ ചെയ്യാം. പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ ആറ് (50 രൂപ പിഴയോടെ ഏപ്രിൽ എട്ട്, 250 രൂപ പിഴയോടെ ഏപ്രിൽ 11) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ 230 രൂപ (200 രൂപ സി.വി ക്യാമ്പ് ഫീസ് + 30 രൂപ ഓൺലൈൻ രജിസ്ട്രേഷൻ ഫീസ്) അടയ്ക്കണം.

ആറാം സെമസ്റ്റർ ബി.ടെക് (റഗുലർ - 2013 സ്കീം) പരീക്ഷയ്ക്ക് ഓൺലൈൻ (www.exams.keralauniversity.ac.in) വഴി രജിസ്റ്റർ ചെയ്യാം. പിഴകൂടാതെ ഏപ്രിൽ നാല് (50 രൂപ പിഴയോടെ ഏപ്രിൽ ആറ്, 250 രൂപ പിഴയോടെ ഏപ്രിൽ എട്ട്) വരെ അപേക്ഷിക്കാം. പുതുക്കിയ വിജ്ഞാപനം വെബ്സൈറ്റിൽ ലഭിക്കും.

## ബി.എ മ്യൂസിക് പ്രാക്ടിക്കൽ

കേരള സർവകലാശാല ആറാം സെമസ്റ്റർ ബി.എ മ്യൂസിക് പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 27, 28, 29 തീയതികളിൽ കൊല്ലം എസ്.എൻ കോളേജ് ഫോർ വിമനിലും മേയ് രണ്ട്, മൂന്ന്, നാല് തീയതികളിൽ തിരുവനന്തപുരം ഗവ. വിമൻസ് കോളേജിലും മേയ് അഞ്ച്, ആറ് തീയതികളിൽ നീറമൺകര എൻ.എസ്.എസ് കോളേജിലും നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഇൻഡക്ഷൻ പ്രോഗ്രാം

കേരളത്തിലെ വിവിധ സർവകലാശാലകളുടെ പരിധിയിൽ വരുന്ന സർവകലാശാല/ കോളേജ് അദ്ധ്യാപകർക്കുവേണ്ടി ഹ്രസ്വകാല ഇൻഡക്ഷൻ പ്രോഗ്രാം ഏപ്രിൽ 18 മുതൽ 23 വരെ നടത്തുന്നു. കേരള സർവകലാശാലയുടെ അധീനതയിൽ കാര്യവട്ടം കാമ്പസിലെ യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്ററാണ് പരിശീലനം നടത്തുന്നത്. രണ്ട് വർഷത്തിൽ താഴെ അദ്ധ്യാപന പരിചയമുള്ള സർവകലാശാല/കോളേജ് അദ്ധ്യാപകർക്കുമാത്രം അപേക്ഷ സമർപ്പിക്കാം. അപേക്ഷാഫാറം യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ വെബ്സൈറ്റിൽ (www.keralauniversity.ac.in/ugcasc) ലഭിക്കും. അപേക്ഷകൾ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രത്തോടുകൂടി ദി ഡയറക്ടർ, യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, കേരള സർവകലാശാല, കാര്യവട്ടം - 695 581 എന്ന വിലാസത്തിൽ ഏപ്രിൽ പത്തിനകം ലഭിക്കണം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
01.04.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ